LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കൊച്ചി മത്സ്യബന്ധന തുറമുഖമുൾപ്പെടെ 14 മത്സ്യബന്ധന തുറമുഖങ്ങളും, യന്ത്രവൽകൃത ബോട്ടുകൾക്കായുള്ള 9 എണ്ണവും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായുള്ള 20 എണ്ണവും ഉൾപ്പെടെ 29 ഫിഷ്‌ലാന്റിംഗ് സെന്ററുകളും സംസ്ഥാനത്ത് നിലവിലുണ്ട്.

(ബി) ഉണ്ട്. കൊയിലാണ്ടി, തലായി എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. കാസർഗോഡ്, ചെറുവത്തൂർ, താനൂർ, പരപ്പനങ്ങാടി, അർത്തുങ്കൽ, ചേറ്റുവ, ചെല്ലാനം തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതയും ആരായുന്നുണ്ട്. കൊല്ലം ജില്ലയിലെ ചേരിക്കടവിൽ കോയിവിള എന്ന സ്ഥലത്ത് ഫിഷ്‌ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എറണാകുളത്തെ പനച്ചിക്കൽ ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ കാര്യം സജീവ പരിഗണനയിലാണ്.

(സി) മാപ്പിള ബേ, പോമ്പാൽ, പുതിയാപ്പ, നീണ്ടകര എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ ശുചിത്വ നിലവാരം ഉയർത്തുന്നതിനായുള്ള 153.45 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖയ്ക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്. താമസംവിനാ പണി ആരംഭിക്കുന്നതാണ്.

(ഡി) മുനമ്പം ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണത്തിനായി ASIDE സ്കീമിൽ നിന്നും 227 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പുതിയതായി രൂപീകരിച്ചിട്ടുള്ള മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി വഴി പ്രസ്തുത പദ്ധതി നടപ്പിൽ വരുമ്പോൾ മുനമ്പം ഫിഷിംഗ് ഹാർബറിനെ ഒരു മോഡൽ ഫിഷിംഗ് ഹാർബർ ആക്കി മാറ്റാവുന്നതാണ്.

## പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ പൂർത്തീകരണം

135 [1853] ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. സി. മമ്മത്കോയ :

ശ്രീ. ടി. കെ. ബാലൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കുന്ന മത്സ്യബന്ധന തുറമുഖ പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) നിർദ്ദിഷ്ട പദ്ധതികൾ ഓരോന്നും എപ്പോൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

2/2315/2012

ഉത്തരം

(എ) പൊന്നാനി, മുതലപ്പൊഴി, കായംകുളം, തങ്കശ്ശേരി, വിഴിഞ്ഞം, നീണ്ടകര, തോട്ടപ്പള്ളി എന്നിവയാണ് കേന്ദ്രസഹായത്തോടുകൂടി ഇപ്പോൾ നടപ്പാക്കി വരുന്ന മത്സ്യബന്ധന തുറമുഖ പദ്ധതികൾ.

(ബി) വിഴിഞ്ഞം, മുതലപ്പൊഴി, കായംകുളം എന്നീ മത്സ്യബന്ധന തുറമുഖ പദ്ധതികൾ 2006-ൽ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2006-2007 കാലയളവിൽ പൊന്നാനി മത്സ്യബന്ധന തുറമുഖത്തിന്റേയും 2005-2006 കാലയളവിൽ തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റേയും നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നീണ്ടകര മത്സ്യബന്ധന തുറമുഖം 2006-ലും തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം 2008-ലും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പുതിയങ്ങാടിയിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് നടപടി

136 [1854] ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോകമണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിലെ പുതിയങ്ങാടിയിൽ ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യം പരിശോധിച്ചുവരുന്നു.

## തലശ്ശേരി തലായി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് നടപടി

137 [1855] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി തലായി ഫിഷിംഗ് ഹാർബർ നിർമ്മാണം സംബന്ധിച്ച നടപടിക്രമം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്രത്തിൽ നിന്നും ആവശ്യപ്പെട്ട ടെക്നോ ഇക്ണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (ടി.ഇ.എഫ്.ആർ.) കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly